ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# ഇഅ്തികാഫിന്റെ ചൈതന്യം

عن عائشة رَضِيَ اللهُ عنها قالت أَنَّ النَّبِيَّ صلَّى اللهُ عليه وسلَّمَ كانَ يَعْتَكِفُ في العَشْرِ الأَوَاخِرِ مِن رَمَضَانَ، فَكُنْتُ أَضْرِبُ له خِبَاءً فيُصَلِّي الصُّبْحَ ثُمَّ يَدْخُلُهُ، فَاسْتَأْذَنَتْ حَفْصَةُ عَائِشَةَ أَنْ تَضْرِبَ خِبَاءً، فأذِنَتْ لَهَا، فَضَرَبَتْ خِبَاءً، فَلَمَّا رَأَتْهُ زَيْنَبُ ابْنَةُ جَحْشٍ ضَرَبَتْ خِبَاءً آخَرَ، فَلَمَّا أصْبَحَ النَّبِيُّ صَلَّى اللهُ عليه وسلَّمَ رَأَى الأخْبِيَةَ، فَقالَ: ما هذا؟ فَأُخْبِرَ، فَقالَ النَّبِيُّ صَلَّى اللهُ عليه وسلَّمَ: آلْبِرَّ تُرَوْنَ بِهِنَّ؟ فَتَرَكَ الِاعْتِكَافَ ذلكَ الشَّهْرَ، ثُمَّ اعْتَكَفَ عَشْرًا مِن شَوَّالٍ.(صحيح البخاري)

**ആഇശ (റ) പറയുന്നു: 'നബി (സ) റമദാനിലെ അവസാന പത്തിൽ ഇഅ്തികാഫ് അനുഷ്ഠിക്കാറുണ്ടായിരുന്നു. ഞാനായിരുന്നു അതിനുള്ള കൂടാരമൊരുക്കിയിരുന്നത്. പ്രഭാത നമസ്കാരം കഴിഞ്ഞാലുടനെ പ്രവാചകനതിൽ പ്രവേശിക്കും. അപ്പോൾ ഹഫ്സ (റ) തനിക്കൊരു കൂടാരമൊരുക്കാൻ ആയിശ (റ) യോട് സമ്മതം ചോദിച്ചു. അവർ അനുവദിച്ചു. ഹഫ്സ (റ) കൂടാരമുണ്ടാക്കി. ജഹ്ശിന്റെ മകൾ സൈനബ് ഇത് കണ്ടപ്പോൾ അവരും മറ്റൊരു കൂടാരമുണ്ടാക്കി. പ്രഭാതത്തിൽ നബി (സ) പള്ളിയിലെ കൂടാരങ്ങൾ കണ്ടപ്പോൾ ചോദിച്ചു: 'എന്താണിവ?' കാര്യങ്ങൾ വിശദീകരിച്ചപ്പോൾ നബി (സ) ചോദിച്ചു: 'പുണ്യമാണോ അവരുദ്ദേശിച്ചത്?' പ്രവാചകൻ ആ മാസം ഇഅ്തികാഫ് ഉപേക്ഷിച്ചു. പകരം ശവ്വാലിലെ പത്ത് ദിവസം ഇഅ്തികാഫ് അനുഷ്ഠിച്ചു.' (ബുഖാരി)**

ഈ ഹദീസിലെ പ്രധാന സന്ദേശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

ഒന്ന്: അല്ലാഹുവിനോട് പ്രാർഥിച്ചും അവനെ മാത്രം സ്മരിച്ചും കഴിയലാണ് ഇഅ്തികാഫ്. ഇതിനായി പ്രത്യേകം മറയുണ്ടാക്കി അവിടെ ഇരിക്കുന്നതാണ് ഉത്തമം. രണ്ട്: പള്ളികളിൽ സൗകര്യമുണ്ടെങ്കിൽ വ്യക്തികൾക്ക് സ്വന്തമായി ഇഅ്തികാഫിനായി സ്വകാര്യ ഇടങ്ങളൊരുക്കാവുന്നതാണ്.

മൂന്ന്: സ്ത്രീകൾക്കും പള്ളിയിൽ പ്രത്യേക സൗകര്യമുണ്ടാക്കി ഇഅ്തികാഫ് അനുഷ്ഠിക്കാം.

നാല്: ഇഅ്തികാഫ് തുടങ്ങിയ ശേഷം പിന്നീട് മാറ്റിവെക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നതിൽ തെറ്റില്ല.

അഞ്ച്: റമദാൻ മാസത്തിലല്ലാതെയും ഇഅ്തികാഫ് അനുഷ്ഠിക്കാം.

അല്ലാഹുവിനോടൊപ്പം സ്വകാര്യമായി കഴിഞ്ഞ് കൂടുക എന്നതാണ് ഇഅ്തികാഫിന്റെ പ്രധാന ലക്ഷ്യം. നമസ്കാരം, ദിക്ർ, ദുആ, പ്രവാചകന് വേണ്ടിയുള്ള സ്വലാത്ത് തുടങ്ങിയവയിലൂടെ അല്ലാഹുവിന്റെ സാമീപ്യം നേടിയെടുക്കാനാണ് ഇഅ്തികാഫ് അനുഷ്ഠിക്കുന്നവർ ശ്രമിക്കേണ്ടത്.

അല്ലാഹു പറഞ്ഞു: ''തങ്ങളുടെ നാഥനെ അദൃശ്യമായി ഭയപ്പെട്ടു ജീവിക്കുന്നവരോ, അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവുമുണ്ട്.'' (67:12). നബി (സ) പറഞ്ഞു: ''തീർച്ചയായും ആത്മ സംസ്കരണത്തിനായി ഒഴിഞ്ഞിരിക്കുന്നവനെ അല്ലാഹു ഏറെ ഇഷ്ടപ്പെടുന്നു'' (മുസ്ലിം).

നോമ്പില്ലാതെയും ഇഅ്തികാഫിരിക്കാം എന്നൊരു വീക്ഷണവുമുണ്ട്. ഇതിന് തെളിവായി ഇപ്രകാരം ഒരു ഹദീസ് ഉദ്ധരിക്കപ്പെടുന്നു. ഒരിക്കൽ ഉമർ (റ) അല്ലാഹുവിന്റെ റസൂലിനോട് ഇപ്രകാരം ചോദിച്ചു: ''ഞാൻ ജാഹിലിയാകാലത്ത് മസ്ജിദുൽ ഹറാമിൽ ഒരു രാത്രി ഇഅ്തികാഫനുഷ്ഠിക്കാൻ നേർച്ച നേർന്നിട്ടുണ്ട്.'' നബി (സ) പറഞ്ഞു: ''നിന്റെ നേർച്ച പൂർത്തീകരിക്കുക'' (മുസ്ലിം). ഇവിടെ നോമ്പിന്റെ നേരമല്ലാത്ത രാത്രിയിലാണ് ഇഅ്തികാഫ് അനുഷ്ഠിക്കുവാൻ നബി (സ) ആവശ്യപ്പെടുന്നത്.

സമൂഹത്തിൽ നിന്നും അകന്ന് വ്യക്തിതലത്തിൽ മാത്രം ഒതുങ്ങിക്കൂടലാണ് ഇഅ്തികാഫിന്റെ കാതൽ.

മുകളിലെ ഹദീസിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. പത്നിമാർ പള്ളിയിൽ കൂടാരമുണ്ടാക്കി ഇഅ്തികാഫിരു

ന്നാൽ തന്റെ ഏകാഗ്രതയും മനസ്സാന്നിധ്യവും നഷ്ടപ്പെടുമോ എന്ന് റസൂൽ (സ) ആശങ്കിച്ചു. അതിനാൽ ആ വർഷത്തെ റമദാൻ അവസാന പത്തിലുള്ള ഇഅ്തികാഫ് തന്നെ പ്രവാചകൻ മാറ്റിവെക്കുകയായിരുന്നു. പിന്നീട് തൊട്ടടുത്ത മാസമായ ശവ്വാലിലെ പത്ത് ദിനങ്ങളിലാണ് ഇഅ്തികാഫ് അനുഷ്ഠിച്ചത്.

ഇതിൽ നിന്നും അല്ലാഹുവിനോടൊപ്പം സഹവസിക്കുന്ന മഹത്തായ പുണ്യ കർമമാണ് ഇഅ്തികാഫെന്ന് ബോധ്യമാകും. ഇഅ്തികാഫ് അനുഷ്ഠിക്കുന്നവനും അല്ലാഹുവിനും ഇടയിലുള്ള സകല മറകളെയും അകറ്റി നിർത്തണമെന്ന് പണ്ഡിതന്മാർ നിർദേശിച്ചിട്ടുണ്ട്. ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു: ''നബി (സ) ഇഅ്തികാഫിനായി പ്രത്യേക കൂടാരവും കട്ടിലും വിരിപ്പും തയാറാക്കും. അത്യാവശ്യത്തിനായി അവിടെ നിന്നും പുറത്തിറങ്ങിയാൽ രോഗികളെക്കുറിച്ച് പോലും അന്വേഷിച്ചിരുന്നില്ല. ഒരിക്കൽ ഒരു തുർക്കി കൂടാരമുണ്ടാക്കി അതിന്റെ വാതിലിൽ വിരിയിട്ടു. ഇഅ്തികാഫിന്റെ ഫലവും ചൈതന്യവും നേടിയെടുക്കാനായിരുന്നു ഇത്. വിവരമില്ലാത്തവർ ഇഅ്തികാഫിന്റെ ഇടങ്ങളെ സമ്മേളന സ്ഥലമാക്കാറുണ്ട്. അവിടേക്ക് നിരന്തരം സന്ദർശകർ വന്ന് കൊണ്ടിരിക്കും. വിവിധ സംഭാഷണങ്ങൾ അവിടെ നടക്കും. ഇതൊരു തരം ഇഅ്തികാഫ്. പ്രവാചകന്റെ ഇഅ്തികാഫ് ഇത്തരത്തിലുള്ളതായിരുന്നില്ല.'' (സാദുൽ മആദ്)

നബി (സ) ഇഅ്തികാഫനുഷ്ഠിക്കുമ്പോൾ അനിവാര്യ ആവശ്യങ്ങൾക്കല്ലാതെ വീട്ടിലേക്ക് വരാറുണ്ടായിരുന്നില്ലെന്ന് ആഇശ (റ) പറയുന്നുണ്ട് (ബുഖാരി, മുസ്‌ലിം).

ഇബ്നു റജബ് (റ) ഇപ്രകാരം എഴുതുന്നു: ''ഈ സമുദായത്തിന് അല്ലാഹു നിയമമാക്കിയ ഏകാന്തവാസമാണ് ഇഅ്തികാഫ്; പ്രത്യേകിച്ച് റമദാൻ മാസത്തിൽ. റമദാനിൽ തന്നെ അവസാന പത്തിൽ വിശേഷിച്ചും. നബി (സ) അപ്രകാരമാണ് ചെയ്തത്. ഇഅ്തികാഫിരിക്കുന്നവൻ അല്ലാഹുവിനുള്ള ഇബാദത്തുകളിലും ദിക്റുകളിലും മാത്രമായി അവന്റെ മനസ്സിനെ ബന്ധിപ്പിക്കുന്നു. പുറമെ നിന്നുള്ള സകല ഇടപെടലുകളെയും അകറ്റുന്നു. ദേഹത്തെയും ദേഹിയെയും അല്ലാഹുവിൽ മാത്രം കെട്ടിയിടുന്നു. പിന്നെ അല്ലാഹുവല്ലാത്ത ഒരു ചിന്തയും അവനുണ്ടാവില്ല.'' (അല്ലത്വാഇഫ്)

ഖുർആൻ, ഹദീസ് ക്ലാസ്സുകൾ പോലും ഇഅ്തികാഫിൽ അഭികാമ്യമല്ലെന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു.

ഇമാം അഹ്മദ് (റ) പറഞ്ഞു: ''ഇഅ്തികാഫ് അനുഷ്ഠിക്കുന്നവൻ ജനങ്ങളോട് ഇടപഴകുന്നതിൽ പുണ്യമില്ല. വിജ്ഞാനം അഭ്യസിപ്പിക്കുന്നതും ഖുർആൻ പഠിപ്പിക്കുന്നതും അവന് സുന്നത്തില്ല. ഒറ്റക്കിരിക്കുന്നതിലാണ് അവന് പുണ്യമുള്ളത്. അതാണ് ഇഅ്തികാഫ്. ആത്മ സംസ്കരണത്തിനായി ഈ ഉമ്മത്തിന് അല്ലാഹു നൽകിയ ഇബാദത്താണത്. അത് പള്ളിയിലാക്കിയത് ജുമുഅ ജമാഅത്തുകൾ നഷ്ടപ്പെടാതിരിക്കാനാണ്. ഇഅ്തികാഫിലുള്ളവൻ അല്ലാഹുവിന് ഇബാദത് ചെയ്യാനും അവനെ സ്മരിക്കാനും മാത്രം മനസ്സിനെ തളച്ചിടണം. അതിന് തടസ്സം നിൽക്കുന്നതെല്ലാം വർജ്ജിക്കണം. മനസ്സും ശരീരവും അല്ലാഹുവിന് സമർപ്പിക്കണം. അല്ലാഹുവല്ലാത്ത മറ്റൊന്നിനെക്കുറിച്ചും ആ സമയത്ത് ചിന്തിക്കരുത്.''

ഇഅ്തികാഫിന്റെ ലക്ഷ്യങ്ങളെ ഇബ്നുൽ ഖയ്യിം (റ) ഇപ്രകാരം നിർണയിക്കുന്നു: ''ആത്മാവിനെയും മനസ്സിനെയും അല്ലാഹുവിൽ ചേർത്ത് വെക്കലാണ് ഇഅ്തികാഫ്. പടപ്പുകൾക്ക് പകരം പടച്ചവനോടുള്ള അടുപ്പം ഇതിലൂടെയുണ്ടാകുന്നു. ആരാരും കൂടെയില്ലാതെ, ഏകാന്തനായി ഖബ്റിൽ താമസിക്കേണ്ടിവരുമ്പോൾ അല്ലാഹുവുമായുള്ള ഈ അടുപ്പം അവനേറെ ഉപകാരപ്പെടും. ഇതാണ് ഇഅ്തികാഫിന്റെ പ്രധാന ലക്ഷ്യം. നോമ്പ് ഇതിനായി ഏറെ സഹായിക്കും. അത് കൊണ്ടാണ് റമദാനിലെ ഏറ്റവും ശ്രേഷ്ഠമായ അവസാന പത്തിലെ ദിനങ്ങളിൽ ഇഅ്തികാഫ് ഏറെ പുണ്യമുള്ളതാക്കിയത്'' (സാദുൽ മആദ്).

ചുരുക്കത്തിൽ, അല്ലാഹുവിലേക്ക് അടുക്കുകയും അവനിൽ സമർപ്പിതനാവുകയും ചെയ്യുക എന്നതാണ് ഇഅ്തികാഫിന്റെ ചൈതന്യം. ഈ യാഥാർഥ്യം ഉൾക്കൊണ്ടും അതിനുള്ള പശ്ചാത്തലമൊരുക്കിയുമുള്ള ഇഅ്തികാഫാണ് ഏറെ അഭികാമ്യം. ●

